
സ്വാതന്ത്ര്യ സമര സേനാനിയായിരുന്ന അബ്ദുറഹിമാൻ സാഹിബിന്റെ ജീവിതത്തിലെ സംഭവങ്ങൾ കഥാ രൂപത്തിൽ

4

എനിക്ക് നമസ്കരിക്കണം

• കാതിയാളം അബൂബക്കർ



മലബാറിന്റെ ഹൃദയം പിളർന്ന ദുരന്തമായിരുന്നു മലബാർ സമരം(1921). ഏറനാട്ടിൽ മാത്രമല്ല വള്ളുവനാട്, പൊന്നാനി, കോഴിക്കോട് താലൂക്കുകളിൽ ആറുമാസത്തോളം ബ്രിട്ടീഷ് ഭരണത്തെ വെല്ലുവിളിച്ച മലബാർ സമരം ഭരണാധികാരികളെ ശരിക്കും ഭ്രാന്ത് പിടിപ്പിച്ചു.

പിന്നീട് നടന്നതെല്ലാം ക്രൂരമായ പകപോക്കലായിരുന്നു. പ്രതികാരം അഴിഞ്ഞാടുകയായിരുന്നു. അപമാനവും വേദനയും ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി വന്നത് സാധാരണപോലെ സ്ത്രീകളും കുട്ടികളും തന്നെ.

സ്ത്രീകൾ എല്ലാനിലയിലും അപമാനിക്കപ്പെട്ടു. നിഷ്കളങ്കരായ കുട്ടികൾ പട്ടാളക്കാരുടെ തോക്കിനു മുന്നിൽ പിടഞ്ഞുവീണു. കലാപം അരങ്ങേറിയ പ്രധാന മേഖലകളിൽ ഉള്ളവർക്ക് ഭക്ഷണം പോലും നിഷേധിക്കപ്പെട്ടു. വാക്കുകളിൽ വിവരിക്കാനാവാത്ത നിഷ്ഠുരമായ പ്രതികാരദാഹം ബ്രിട്ടീഷ് പട്ടാളക്കാരിലൂടെ സംഹാരതാണ്ഡവം നടത്തുകയായിരുന്നു. ഈ ക്രൂരതകൾ അവസാനിപ്പിക്കണമെന്ന് കാണിച്ചുകൊണ്ട് അബ്ദുറഹിമാൻ കലക്ടർക്കെഴുതി. അവർക്ക് ഭക്ഷണം എത്തിച്ചുകൊടുക്കാനെങ്കിലും അനുവദിക്കണമെന്ന് അദ്ദേഹം ആവശ്യ

പ്പെട്ടു. കലക്ടർ അപേക്ഷ കിട്ടിയപാടെ തിരിച്ചയച്ചു. അബ്ദുറഹിമാൻ വീണ്ടും അപേക്ഷയയച്ചു. എന്നിട്ടും കലക്ടറുടെ ഭാഗത്തുനിന്നും ഒരു പ്രതികരണവുമുണ്ടായില്ല.

അവസാനം കലക്ടർക്കയച്ച കത്തിന്റെ കോപ്പി അദ്ദേഹം പത്രങ്ങൾക്കു നൽകി. ആരുടെയും ഹൃദയം അലിയിക്കുന്നതായിരുന്നു ആ കത്ത്. 'ഹിന്ദു', 'ബോംബെ ക്രോണിക്കിൾ' തുടങ്ങിയ ഇന്ത്യയിലെ തന്നെ പ്രമുഖ പത്രങ്ങൾ ആ കത്ത് വലിയ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു. എന്നു മാത്രമല്ല, അബ്ദുറഹിമാന്റെ ആവശ്യം ഉടനെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശക്തമായ മുഖപ്രസംഗങ്ങളും എഴുതി. ഫലം: പട്ടാളനിയമമനുസരിച്ച് അബ്ദുറഹിമാനെ അറസ്റ്റു ചെയ്തു; കോഴിക്കോട് സബ് ജയിലിൽ റിമാൻഡിൽ വെച്ചു.

ഹജൂർ കച്ചേരിയിലാണ് കേസ് വിസ്താരം നടന്നത്. ബ്രിട്ടീഷ് ഗവൺമെന്റിന്റെ പട്ടാളനിയമം നടപ്പിലുള്ള സമയമായിരുന്നു അത്. ഉദ്യോഗസ്ഥർക്ക് മാപ്പിളമാരോട് അതികഠിനമായ വെറുപ്പും തീർത്താൽ തീരാത്ത പകയുമായിരുന്നു അന്ന്. പ്രതിക്കൂട്ടിൽ ഏറ്റവും വലിയ സാമ്രാജ്യത്വ വിരോധിയാണ്. അന്നത്തെ കോഴിക്കോട് ഹജൂർ കച്ചേരി ഒരു പട്ടാളത്താവളം തന്നെയായിരുന്നു. എന്തിനും തയ്യാറായി നിൽക്കുന്ന ആയുധധാരികളായ പട്ടാളക്കാരാണ് ചുറ്റും.

അവരുടെ സുരക്ഷാവലയത്തിനുള്ളിലാണ് കേസ് വിസ്താരം നടക്കുന്നത്. ഏത് ധീരന്റെയും ആത്മധൈര്യം ചോർന്നു പോകുന്ന ഭീതിദമായ അന്തരീക്ഷം. മിണ്ടിയാൽ പട്ടാളം ഇടപെടുമെന്ന അവസ്ഥ. പട്ടാളക്കാർ നിറയൊഴിച്ചാലും ആരും ചോദിക്കാനില്ല.

കേസ് വിചാരണ ആരംഭിക്കാൻ പോകുന്നതേയുള്ളു. ജഡ്ജിയും വക്കീലന്മാരും ഉദ്യോഗസ്ഥരും എല്ലാം റെഡി. അപ്പോൾ തൊട്ടടുത്തുള്ള പട്ടാളപ്പള്ളിയിൽ നിന്ന് ബാങ്കുവിളി കേൾക്കുന്നു. ഇനി 'മുഹമ്മദ് അബ്ദുറഹിമാൻ' എന്ന ജീവചരിത്രത്തിൽ നിന്ന്:

"ബാങ്ക് വിളി അവസാനിച്ച ഉടൻ അദ്ദേഹം, തന്നെ കോടതിയിലേയ്ക്കു കൊണ്ടുവന്ന പോലീസുകാരോടു പറഞ്ഞു:

"സമയമായി, എനിക്കിപ്പോൾ നമസ്കരിക്കണം."

പോലീസുകാർ അദ്ദേഹത്തിന്റെ ആവശ്യം നിരസിച്ചു. അബ്ദുറഹിമാന്റെ ശബ്ദമുയർന്നു: "ഞാൻ പറഞ്ഞത് കേട്ടില്ലേ? എനിക്കുടനെ നമസ്കരിക്കണം. അതിന് സൗകര്യപ്പെടുത്തൂ.."

അടുത്തുനിന്നിരുന്ന വെള്ളക്കാരൻ സാർജന്റ് അടുത്തുവന്നു കാര്യമെന്താണെന്നു ചോദിച്ചു.

"പ്രാർത്ഥനക്കുള്ള സമയമാണിത്. എനിക്കിപ്പോൾ തന്നെ നമസ്കരിക്കണം. അതിനു സൗകര്യം ചെയ്യണം." അബ്ദുറഹിമാൻ ഉറച്ചസ്വരത്തിൽ തന്നെ ഇംഗ്ലീഷിൽ ആവശ്യപ്പെട്ടു.

സാർജന്റ് സമ്മതിച്ചു. ആമം അഴിച്ച് പ്രതിക്ക് പ്രാർത്ഥനക്കു വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ അയാൾ പോലീസുകാരോട് കൽപ്പിച്ചു.

ഉടൻ തന്നെ പോലീസുകാർ പോയി വെള്ളം കൊണ്ടുവന്നു. അബ്ദുറഹിമാൻ വിധിയാംവണ്ണം അംഗശുദ്ധിവരുത്തി. ഹജൂർ കച്ചേരിയിൽ വെച്ചു തന്നെ 'ളുഹർ' നമസ്കാരം നിർവ്വഹിച്ചു."

നിറഞ്ഞ കോടതി അമ്പരപ്പോടും ആദരവോടും നിശബ്ദരായി ആ പ്രാർത്ഥനക്ക് സാക്ഷ്യം വഹിച്ചു.

അതായിരുന്നു കേരളത്തിന്റെ വീരപുത്രൻ മുഹമ്മദ് അബ്ദുറഹിമാൻ!

•

ഉറുമ്പുകളുടെ ഓർമശക്തി

ഉറുമ്പുകൾക്ക് തെറ്റാത്തതും കൃത്യതയുള്ളതുമായ ഓർമശക്തിയുണ്ടെന്നാണ് ശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുന്നത്. ആഹാരം ഉള്ളയിടങ്ങളിലേക്ക് എത്ര കുഴഞ്ഞുമറിഞ്ഞതും ദുർഘടവുമായ വഴിയാണെങ്കിലും ഉറുമ്പുകൾ അവിടം കണ്ടെത്തുകയും അങ്ങോട്ട് എത്തിച്ചേരുകയും ചെയ്യും. ഒരിക്കൽ പോലും തെറ്റാതെയും ഒരു കാലടി പോലും തെറ്റിക്കാതെയും കൃത്യമായി അവ അവിടെ എത്തിച്ചേരുമത്രെ!

